# രാമായണം നിത്യജീവിതത്തിൽ



പൂജ്യ സ്വാമി അശേഷാനന്ദജി.

# രാമായണം നിത്യജീവിതത്തിൽ

## പൂജ്യ സ്വാമി അശേഷാനന്ദജി.

എല്ലാ മനുഷ്യരും എന്തുചെയ്യുന്നതും എന്തുണ്ടാക്കുന്നതും എന്തിനുവേണ്ടിയാണ്? ശാശ്വതസുഖം / സംത്രിപ്തി / ശാന്തി / ധന്യതയ്ക്കുവേണ്ടിയാണ്.

അധികാരം, സമ്പത്ത്, സ്ഥാനമാനങ്ങൾ, ഭോഗങ്ങൾ എന്നിവ ന്യായമോ അന്യായമോ, വിഹിതമോ, അവിഹിതമോ, ആയ മാർഗ്ഗത്തിലൂടെ നേടാൻ ശ്രമിക്കുന്നത് താനന്വേഷിക്കുന്ന ശാന്തി കിട്ടുമെന്നുള്ള ധാരണയാലാണ്. ദരിദ്രൻ അങ്ങനെ കഷ്ടപ്പെട്ട് ധനമുണ്ടാക്കി ദനവാനാകുന്നു. എന്നിട്ടും സന്തുഷ്ടനല്ല. സൗകര്യങ്ങൾ കൂട്ടുതൽ ഉണ്ടാക്കാൻ കൂട്ടുതൽ ധനം വേണം. പക്ഷേ സൗകര്യങ്ങൾ, സുഖസാമഗ്രികൾ ഇവയൊക്കെ എത്ര വർദ്ധിപ്പിച്ചിട്ടും ശാന്തിയും സമാധാനവും ഇരിക്കുന്നതെങ്കിൽ ഏറ്റവും വലിയ സന്പന്നാകണം ജീവിതത്തി ൽ ഏറ്റവും കൂടുതൽ സന്തോഷമുണ്ടാകേണ്ടത്. എന്നാൽ അനുഭവം മറിച്ചല്ലേ? ഏവിടെയാണ് ശാന്തിയും സുഖസമാധാനങ്ങളും കിട്ടുക എന്നാണ് ഇനിയും അന്വേഷണം. അതു തിരയുന്നത് പുറത്ത് ബാഹ്യവസ്തുക്കളിലാണെന്നു മാത്രം. "ന ഇന്ദസ്യസുഖം കശ്ചിത് ന സുഖം ചക്രവർത്തിന: സുഖമസ്തി വിരക്തസ്യ മുനേഃഏകാന്ത ജീവിനഃ" ദേവലോക ചക്രവർത്തിയായ ഇന്ദ്രനോളം സുഖസൗകര്യങ്ങൾ ആർക്കുണ്ട്? ആ ഇന്ദ്രനുപോലും സുഖമില്ല. പിന്നെയാണോ ഭൂമിയിലേ ചക്രവർത്തിക്ക്? അപ്പോൾപിന്നെ സാധരണക്കാരായ ജനങ്ങളുടെ കാര്യം പറയണോ? പിന്നെ ആർക്കുണ്ടു സുഖം? സുഖമസ്തി = സുഖമുണ്ട്. ഒരാൾക്കുമാത്രം. ആർക്ക്? മുനേഃ ഏകാന്തജീവന: = ഏകനായ പരമാത്മ ഭഗവാനിൽ മനസ്സുറച്ചിട്ടുള്ളവന്. ഏകാന്തത പുറത്തെവിടെയെങ്കിലുമല്ല, നിത്യവസ്തുവായ പരമാത്മ ഭഗവാൻ മാത്രം ഏകം. അവനിൽ മനസ്സുറപ്പിക്കാൻശീലിച്ചിട്ടുള്ളവൻ. അതിനുള്ള യോഗ്യതയോ? വിഷയങ്ങളിൽ ആസക്തിയില്ലായ്മ. വിരക്തസ്യ = വിരക്തനാണ്. വിഷയാസക്തിയാണ് അതിനു തടസ്സം. മനസ്സ് ആത്മചിന്തനത്തിൽ / ഭഗവത് ചിന്തനത്തിൽ നിൽക്കാത്തതെന്ത്? ബഹിർമുഖത. ബാഹ്യവും അനിത്യവുമായ വിഷയങ്ങളിലുള്ള ആസക്തിയും താൽപര്യവും തന്നെ. "അന്തർമുഖ സമാരാദ്ധ്യാ ബഹിർമുഖ സുദുർലഭാ" എന്നല്ലേ സച്ചിദനന്ദസ്വരുപിണിയായ ദേവിയെപ്പറ്റി പറയുന്നത്. പുറത്താണ് ശ്രദ്ധയെങ്കിൽ അവർക്ക് ഒരിക്കലും കാണാൻ കിട്ടുകയില്ല ശന്തിസ്വരുപിണിയായ അമ്മയെ. അകത്തേയ്ക്ക് ശ്രദ്ധതിരിഞ്ഞവർക്ക് എളുപ്പമാണ്. അതായത് വിഷയവിരക്തിയാണ് യോഗ്യത. നിത്യനും ആനന്ദസ്വരൂപനുമായ സത്യവസ്തുവിൽ (ഭഗവാനിൽ) ഭക്തിയും അനിത്യവും ദുഃഖസ്വരുപവുമായ വസ്തുക്കളിൽ താൽപര്യമില്ലായ്മയും ഉണ്ടാകണം. പുറത്തല്ല ശാന്തിയും സുഖവും ഉള്ളത്.

ആത്മാവിലാണ്. സച്ചിദാനന്ദസ്വരൂപൻ, സച്ചിദനന്ദസ്വരൂപിണി എന്നല്ലേ ഈശ്വരന് പേര്. "അനിത്യംമസുഖം ലോകം ഇമംപ്രാപ്യ ഭജസ്വ മാം." (ഗീത). അർജ്ജുനാ, ഈ ലോകം അനിത്യവും ആ കാരണത്താൽത്തന്നെ ദുഃഖസ്വരൂപവുമാണ്. അങ്ങിനെയുള്ള ഈ ലോകത്തുവന്നിട്ട് നിത്യനും ആനന്ദസ്വരൂപനുമായ എന്നെ ഭജിക്കൂ. ശാശ്വതമായ അറിവും ആനന്ദവും ആകുന്ന ഭഗവാനാണ് നമ്മുടെയൊക്കെ ആത്മാവ്. ആ ആനന്ദസ്വരൂപനായ ആത്മാവിനെയാണ് ശ്രീരാമൻ പ്രതിനിധാനം ചെയ്യുന്നത്. "സർവേഷാം ഹ്രദിരമതാം രാമ രാമ" എന്നല്ലേ കവി പറഞ്ഞിരിക്കുന്നത്. എല്ലാവരേയും രമിപ്പിക്കുന്നതും ആനന്ദസ്വരൂപനുമായ രാമൻ - ആത്മാ - നമുക്കേറ്റവും അടുത്ത്, നമ്മുടെ ഉള്ളിൽ എന്തിന് നമ്മുടെ സ്വരൂപമായിരിക്കുന്നു. പക്ഷേ അജ്ഞാനത്താൽ അതറിയാതെ ജഡവും നശ്വരുമായ ശരീരമാണ് നാമെന്ന് കരുതുന്നു. ഈ ശരീര താദാത്മ്യത്തിൽനിന്ന് അപൂർണ്ണതാബോധം, രാഗം, ദ്വേഷം, കാമം, ക്രോധം മുതലായവ ഉണ്ടാകുന്നു. ഇവയാണ് മനോമാലിന്യം. ഇതുകൊണ്ട് എപ്പോഴും മനസ്സ് അസ്വസ്ഥവും ബഹിർമുഖവും ആകുന്നു. അവിടെ ശാന്തിയോ സമാധാനമോ ഉണ്ടാവില്ല. പൂർണ്ണനായ ആത്മാവാണ് താനെന്നറിയായ്കയാൽ അപൂർണ്ണനായ ജീവനാണ് താനെന്ന് കരുതുന്നു. പൂർണ്ണതയ്ക്കായി പല വിഷയങ്ങളും ആഗ്രഹിക്കുന്നു. ആഗ്രഹങ്ങളാൽ പ്രേരിതനായി അത് നേടി അനുഭവിക്കാനുള്ള കർമ്മം. അനുഭവങ്ങൾ ഒന്നുകിൽ അനുകൂലം അല്ലെങ്കിൽ പ്രതികൂലം. അതിന്റെ ഫലം സുഖം. അഥവാ ദുഃഖം. ഈ കർമ്മങ്ങളും ഭോഗങ്ങളും മനസ്സിൽ വാസനകളെ സ്രിഷ്ടിക്കുന്നു. അതനുഭവിച്ചു തീർക്കാൻ വീണ്ടും ജന്മം. ജനിച്ചാൽ വീണ്ടും സുഖം, ദുഃഖം. അതിൽനിന്ന് നിവർത്തിക്കാൻ വീണ്ടും പ്രവ്രുത്തി. ഇങ്ങനെ പോകുന്നു.

ദുഃഖത്തിനു കാരണം ജന്മം, ജന്മം കർമംകൊണ്ട്, കർമ്മം രാഗം (ആഗ്രഹങ്ങൾ) കൊണ്ട്, രാഗം മാനം (ദേഹാഭിമാനം) കൊണ്ട്. മാനം = താൻ ദേഹമാണെന്ന ഭാവന. തന്റെ യാഥാർത്ഥ സ്വരൂപം ആത്മാവാണെന്നറിയായ്ക. അതിനു കാരണം അജ്ഞാനം. അജ്ഞാനം ജ്ഞാനംകൊണ്ട് നീങ്ങും. ജ്ഞാനം വിഷയവിരക്തവും ശുദ്ധവുമായ മനസ്സിലേ ഉണ്ടാകൂ. അതിനു ഭക്തി, അതിനു സത്സംഗം, അതിനുള്ള അർഹത പുണ്യപരിപാരിപാകംകൊണ്ട്. ഒരു പഴയ കീർത്തനത്തിൽ ഈ കാര്യങ്ങൾ വ്യക്തമാക്കിയിരിക്കുന്നതു നോക്കൂ.

ദുഃഖമൊടുക്കുന്ന തമ്പുരാനേ കൃഷ്ണാ<br>
ത്രിക്കഴൽ ഞാനിത കുന്പിടുന്നേ<br>
ദുഃഖമെടുത്തതിനെന്തേ മൂലം കൃഷ്ണാ<br>
ദുഃഖമെടുത്തത് ജന്മം മൂലം<br>
ജന്മംമെടുത്തതിനെന്തെ മൂലം കൃഷ്ണാ<br>
ജന്മംമെടുത്തത് കർമ്മമൂലം<br>
(പൂർവജന്മാർജിത കർമ്മമത്രേ ഭുവി സർവലോകർക്കും സുഖദുഃഖ കാരണം).

കർമ്മമെടുത്തതിനെന്തെ മൂലം കൃഷ്ണാ
കർമമെടുത്തത് രാഗം മൂലം
രാഗംമെടുത്തതിനെന്തെ മൂലം കൃഷ്ണാ
രാഗംമെടുത്തത് മാനമൂലം
മാനമെടുത്തതിനെന്തെ മൂലം കൃഷ്ണാ
തന്നെ നിനയായ്ക മാനമൂലം
തന്നെ നിനയായ്‌വാനെന്തെ മൂലം കൃഷ്ണാ
അജ്ഞാനമാമവിവേകം മൂലം
അജ്ഞനം പോവതിനെന്തുചെയ്‌വൂ കൃഷ്ണാ
അജ്ഞനം പോവതു ജ്ഞാനംകൊണ്ടേ.

## സീതസ്വയംവരം - ജീവന്റെ ശാശ്വതശാന്തിക്കുള്ള മാർഗ്ഗം.

ശാശ്വത ശാന്തിയാണ് എല്ലാവരും അന്വേഷിക്കുന്നത്. ആത്മാവിന്റെ സ്വരൂപമാണ് ആനന്ദവും ശാന്തിയും. ആത്മജ്ഞാനം അഥവാ ബ്രഹ്മവിദ്യ പ്രാപ്തിയിലൂടെ മാത്രമാണത് ഒരാൾക്ക് അനുഭവപ്പെടുകയുള്ളു. ആനന്ദസ്വരൂപനായ രാമനു മാത്രമേ ശാന്തിയായ സീതയെ പരിണയിക്കനാകൂ. തന്റെ ഉള്ളിലെ ആത്മാവായ രാമനെ സാക്ഷാത്കരിക്കുമ്പോഴേ ആനന്ദവും ശാന്തിയും കിട്ടൂ എന്നർത്ഥം. ആ ശാന്തിക്ക് തടസ്സം ദേഹാഭിമാനവും അഹങ്കാരവും ദേഹാസക്തിയിൽ നിന്ന് ഉളവാകുന്ന വിഷയ ആഗ്രഹങ്ങളുമാണ്. "വിഹായ കാമാൻ യ: സർവ്വാൻ പുമാൻചരതി നിസ്പൃഹഃ നിർമമോ നിരഹങ്കാരോ സ ശാന്തിമധിഗച്ഛതി" (ഗീത 2-71). ആരാണോ ദേഹാഭിമാനവും മമതയും വിഷയങ്ങളിലുള്ള സർവ കാമനകളും വിട്ടവനായിരിക്കുത്. അവന്നാണ് ശാന്തി ലഭിക്കുന്നത്.

ദേഹാസക്തിയും വിഷയാസക്തിയും ഒരേ അളവിലയിരിക്കും. ദേഹഭിമാനം പോയാൽ ശാന്തിയായി. അതാണ് ശാന്തിയുടെ പ്രാതീകമായ സീതയെ വിദേഹന്റെ മകളായി ചിത്രീകരിച്ചിരിക്കുന്നതിലെ തത്വം. വിദേഹൻ = ദേഹാഭിമാനം ഇല്ലാത്തവൻ. അതായത് ആത്മജ്ഞാനിയെന്നർത്ഥം. സീതയെ പലർക്കും വിവാഹം കഴിച്ചാൽ കൊള്ളാമെന്നുണ്ടായിരുന്നു. പലരും ഒരുങ്ങി വരികയും ചെയതു. ആർക്കുവേണമെങ്കിലും കൊടുക്കാൻ ജനകൻ (സീതയുടെ പിതാവ്) തയ്യാറുമായിരുന്നു. പക്ഷേ, ആ വില്ലെടുത്ത് കുലയ്ക്കണമെന്നു മാത്രം. രാമനൊഴിച്ച് മറ്റാർക്കും ആ വില്ലൊന്ന് എടുക്കാനോ കുലയ്ക്കാനോ കഴിഞ്ഞില്ല. ഏതാണ് വില്ല്? എന്താണ് വില്ലു കുലയ്ക്കൽ. സീത നാം തേടുന്ന ശാന്തിയാണെങ്കിൽ വില്ലിന്റെ പുറകിലും എന്തെങ്കിലും തത്വം ഉണ്ടാകണമല്ലോ? ആ വില്ല് എന്താണെന്നറിയാൻ നമുക്കു മുണ്ഡകോപനിഷത്തിലേക്ക് പോകണം. "പ്രണവോ ധനുഃ ശരോ ഹി ആത്മാബ്രഹ്മതല്ലക്ഷ്യമുച്യതേ അപ്രമത്തേന വേദ്ധവ്യഃ ശരവത് തന്മയോ ഭവേത്." -

ഓംകാരമാകുന്ന വില്ലിൽ ജീവാത്മാവുകുന്ന ശരത്തെ ബ്രഹ്മമാകുന്ന ലക്ഷ്യത്തിൽ പ്രമാദം കൂടാതെ അയച്ച്, വില്ല് ലക്ഷ്യത്തിൽ തുളച്ചുകയറി ഒന്നായിത്തീരുന്നതുപോലെ ജീവൻ ബ്രഹ്മത്തിൽ ചേർന്ന് ഒന്നാകുന്ന പ്രക്രിയയാണിത്. അതായത് ഓംകാരം പ്രതിനിധാനം ചെയ്യുന്ന ആത്മസ്വരൂപാസനയിലൂടെ മനസ്സിനെ, ഓംകാരം പ്രതിനിധാനം ചെയ്യുന്ന ആത്മാസ്വരൂപത്തിന്റെ നിരന്തര ഭാവനയകുന്ന ധ്യാനത്തിലൂടെ ആത്മാനുഭൂതിയിലേക്ക് നയിക്കുന്ന പ്രക്രിയയാണിത്. രാമനു മാത്രമേ ഈ വില്ലെടുത്തു കുലയ്ക്കനായുള്ളൂ. കാരണം അതിനുമുമ്പ് പലതും നിർവ്വഹിച്ചിട്ടാണ് രാമൻ വന്നിരിക്കുന്നത്. എന്തൊക്കെയാണത്.? അഹല്യമോക്ഷം, യാഗരക്ഷ, താടകാവധം, സുബാഹുമാരീചന്മാരെ അടക്കൽ മുതലായവ. അയോദ്ധ്യയിലെത്തിയ വിശ്വാമിത്രനെ ഭക്തിശ്രദ്ധാപൂർവം സ്വീകരിച്ച് എന്തു സേവനവും ആ മഹാത്മാവിന് ചെയ്തുകൊടുക്കുവാൻ ദശരഥൻ തയ്യാരാകുന്നു. തന്റെ യാഗരക്ഷയ്ക്കായി രാക്ഷസവധാർത്ഥം രാമലക്ഷ്മണൻമാരെ കൂടെ അയയ്ക്കണമെന്ന് മഹർഷി ആവശ്യപ്പെടുന്നു. കുമാരന്മാരെ അയയ്ക്കുവാൻ ദശരഥൻ വൈമനസ്യം പ്രകടമാക്കുന്നു. ഗുരു വസിഷ്ഠൻ ഇടപ്പെട്ട് വിശ്വാമിത്രന്റെ വരവിന്റെ ഉദ്ദേശ്യം, രാമനെ സീതയുമായി ബന്ധിപ്പിക്കലാണെന്ന് അറിയിക്കുന്നു. അപ്പോൾ കുട്ടികളെ അയയ്ക്കാൻ സമ്മതിക്കുന്നു. വഴിക്ക് ബലയും അതിബലയും (വിശപ്പും ദാഹവും അകറ്റാനുള്ള വിദ്യ) ഉപദേശിക്കുന്നു. മാർഗ്ഗമദ്ധ്യേ കാമരൂപിണിയായ താടക വാഴുന്ന കാട്ടിലൂടെ പോകുന്നു. ആവളെ നിഷ്കരണം കൊല്ലാൻ ആവശ്യപ്പെടുന്നു. താടകവധാനന്തരം സഹോദരമായ സുബാഹുവിനെ വധിച്ച് മാരീചനെ അടക്കി. രാത്രി കാമ്യാശ്രമത്തിൽ അന്തിയുറങ്ങുന്നു. അവിടെവെച്ച് ദിവ്യാസ്ത്രങ്ങൾ കുമാരന്മാർക്ക് ഉപദേശിക്കുന്നു. പിന്നിട് യാഗരക്ഷ ചെയ്യുന്നു. പിന്നെ കല്ലായി കിടക്കുന്ന അഹല്യക്കു ശാപമോക്ഷം കൊടുക്കുന്നു. ഇത്രയൊക്കെ കഴിഞ്ഞാണ് രാമൻ സീതാസ്വയംവരത്തിനെത്തുന്നത്. ഒപ്പം വിശ്വാമിത്രനും ഉണ്ട്. ഇത്രയുമായാൽപിന്നെ വില്ലെടുക്കലോ കുലയ്ക്കലോ വിഷമമുള്ള കാര്യമല്ല രാമന്. മറ്റാരുംതന്നെ ഇതൊന്നും നിർവ്വഹിക്കാതെയാണ് സീതയെ മാത്രം മോഹിച്ചുവന്ന് വില്ലെടുക്കാൻ നോക്കിയത്. അതുകൊണ്ട് അവർക്കാർക്കും അതിനു കഴിഞ്ഞതുമില്ലാ. സീതയെ കിട്ടിയതുമില്ല. നമുക്കിനി ഇതിന്റെ പുറകിലേക്ക് ഒന്നു നോക്കാം.

## വിശ്വാമിത്രൻ

വിശ്വത്തിന് = ലോകത്തിന് മുഴുവൻ മിത്രമായവൻ, സർവലോക സുഹൃത്ത്. സ്വന്തം ഹൃദയത്തിലെ ഈശ്വരനെ സക്ഷാത്കരിച്ചയാൾ മദാത്മാ സർവ്വഭൂതാത്മാ എന്നറിഞ്ഞവൻ. എന്റെ ആത്മാവായ ഭഗവാൻതന്നെ എല്ലാവരിലും കുടികൊള്ളുന്ന ആത്മതത്വം. വാസുദേവ സർവ്വമിദം (ഇതെന്നറിയപ്പെടുന്നതെല്ലാം വാസുദേവൻ) എന്ന അനുഭവമുള്ളവൻ. ഈശാവാസമിദം സർവ്വം = ഇതെല്ലാം ഇശ്വരനാൽ വ്യപിക്കപ്പെട്ടിരിക്കുന്നു. യാതൊന്നു

കാണ്മതു നാരായണ പ്രതിമ, സർവ്വം വിഷ്ണുമയം ജഗദ് - ഈ അനുഭൂതി ഉള്ളവനാണ് വിശ്വാമിത്രൻ. അങ്ങനെ സർവ്വത്തിലും തന്റെ ആത്മാവായ ഭഗവാനെ കാണുന്നവനു മാത്രമെ സർവ്വലോകത്തിന്റെ മിത്രം (സുഹൃത്ത്) ആകാൻ പറ്റൂ. ഭഗവാൻ ഗീതയിൽ പറയും, "ഞാൻ സർവ്വരുടേയും സുഹൃത്താണ്. അങ്ങനെ എന്നെ അറിയുന്നവന് ശാന്തി കിട്ടും" ("സുഹൃദം സർവ്വഭൂതാനാം ജ്ഞാത്വാ മാം ശാന്തിമൃച്ഛതി - ഗീതാ 5-28). സർവ്വരുടേയും ദേഹേന്ദ്രിയ മനോബുദ്ധികളെ ജീവനുള്ളതാക്കി സദാ നമ്മെ അനുഗ്രഹിച്ച് നമ്മിൽ എപ്പോഴും കുടികൊള്ളുന്ന ബോധസ്വരൂപിയായ ആ ചൈതന്യം ഇല്ലെന്നുവരികിൽ നമുക്ക് ജീവനും ജീവിതവുമുണ്ടോ? നമ്മുടെ നിലനിൽപ്പിനാധാരമായ, നമ്മെ നാമാക്കി നിലനിർത്തുന്ന ആ ഭഗവാൻ, തിരമാലയിൽ ജലമെന്നോണം സ്വർണ്ണപ്പണ്ടത്തിൽ സ്വർണ്ണമെന്നോണം നമ്മിൽ അഖണ്ഡ ബോധസ്വരൂപിയായി നിലനിൽക്കുന്നു. ആ മഹത്സാന്നിദ്ധ്യത്തെ ധ്യാനത്തിലൂടെ സാക്ഷാത്കരിച്ച മഹാത്മാക്കളെല്ലാം സർവ്വരുടെയും സുഹൃത്തായി ലോകസേവ ചെയ്യുന്നു. അപ്രകാരമുള്ള ഒരു മഹാത്മാവിന് - സദ്ഗുരുവിന് - മാത്രമെ ജീവനെ ബ്രഹ്മവിദ്യയിലൂടെ ഈശ്വരാനുഭൂതിയിലേക്കുയർത്തി ശാശ്വതശാന്തിയെ അനുഭവിപ്പിക്കുവാൻ കഴിയൂ. ബ്രഹ്മർഷി വിശ്വാമിത്രൻ രാമനെ കൂട്ടിക്കൊണ്ടു പോയി സീതയെ പരിണയിപ്പിക്കുന്നതിലെ തത്വമിതാണ്. പക്ഷേ ദേഹാഭിമാനവും മമതയും (ദേഹധർമ്മം) അതിന് തടസ്സമാകുന്നു. അതാണ് കുമാരന്മാരെ വിശ്വാമിത്രന്റെകൂടെ അയയ്ക്കുന്നതിന് ദശരഥൻ കാണിക്കുന്ന വൈമനസ്യം. പിന്നെ വസിഷ്ഠൻ ഇടപെട്ട് വിശ്വാമിത്രൻ വന്നിരിക്കുന്നതിന്റെ ഉദ്ദേശ്യം അറിയിച്ചപ്പോൾ ദശരഥൻ സമ്മതിച്ചു. അതായത് തക്കസന്ദർഭത്തിലുള്ള ഉത്തമ സത്സംഗം. സാധാകന് ശരീരധർമ്മങ്ങളെ അതിവർത്തിക്കാൻ കഴിവുണ്ടാക്കിക്കൊടുക്കുമെന്നർത്ഥം. പിന്നെ വിശപ്പിനെയും ദാഹത്തെയും അടക്കുനുള്ള മന്ത്രം ഉപദേശിക്കുന്നു. അതായത് പ്രാണധർമ്മമാണ്. വിശപ്പും ദാഹവും. പ്രാണജയത്തിലൂടെ അവയെ ഒരളുവരെ നിയന്ത്രിക്കാൻ സാധകന് കഴിയണം. നമ്മുടെ അധികസമയവും ആഹാരത്തിനുള്ളത് ഉണ്ടാക്കാനും പാകം ചെയ്യാനുമല്ലേ നഷ്ടപ്പെടുത്തുന്നത്. കഴിക്കാൻ നേരമില്ലാതാനും.!! ആഹാരദികാര്യങ്ങളിൽ ഒരളവുവരെ നിയന്ത്രണം കൈവരണം. ശരീരം നിലനിൽക്കൻവേണ്ടി മാത്രമേ ആഹാരം പാടുള്ളൂ. അതുകഴിഞ്ഞാൽ സാധകന് നേരിടേണ്ടിവരുന്ന തടസ്സം തന്റെയുള്ളിൽതന്നെ സൂക്ഷമരൂപത്തിൽ വാസനരൂപേണ ഒളിഞ്ഞിരിക്കുന്ന കാമനളാണ്. (ആഗ്രഹങ്ങൾ). ആ ആഗ്രഹങ്ങളെയാണ് താടക പ്രതിനിധാനം ചെയ്യുന്നത്. വിശ്വാമിത്രന്റെ ഗൂഢമായ പുഞ്ചിരിയുടെ അർത്ഥമിതാണ്. എല്ലാവരും ഇവളുടെ മുമ്പിൽ അടിയറവ് പറയുകയാണ് പതിവ്. "രാഘവ, സത്യപരാക്രമവാരിധേ! രാമ! പോകമാറില്ലീവഴി ആരുമേയിതുകാലം. കാടിതുകണ്ടായോ നീ? കാമരൂപിണിയായ താടകഭയങ്കരിവാണീടും ദേശമല്ലോ. അവളെപ്പേടിച്ചാരും നടപ്പീലാ. ഭുവനവാസിജനം ഭുവനേശ്വര പോറ്റി. കൊല്ലണം അവളെ നീ വല്ലജാതിയുമിനി" -- പലത്തരത്തിലുള്ള ആഗ്രഹങ്ങളാണല്ലോ സാധകന്

ആത്മസക്ഷാത്കാരത്തിലൂടെ ശാശ്വത ശാന്തി നേടുന്നതിന് തടസ്സമായിരിക്കുന്നത്. അതിനാൽ സാധകൻ അവളോട് ദയ കാണിച്ചുകൂടാ. മനുഷ്യൻ ഉയർന്ന് ജീവിതമൂല്യങ്ങളെ സത്യ ധർമ്മങ്ങളെ ബലിയർപ്പിക്കുന്നത് എപ്പോഴാണ്? സ്വന്തം കാമനകളെ നിയന്ത്രിക്കാനാകാതെ വരുമ്പോൾ അവയ്ക്കടിമയായവർക്ക് സത്യധർമ്മങ്ങളെ പാലിക്കനാകില്ല. നീ സത്യത്തെ പരിപാലിക്കുന്നതിൽ സമുദ്ര്ത്രുതുല്യനാണല്ലോ എന്ന് ഋഷി പറയുന്നത് നോക്കു. കാമനകളെ അതിജീവിക്കാൻ ചെറിയ പരാക്രമം (ബലം) പോരാ. ഇന്നു നമ്മുടെ ശക്തിയും ബലവും പൗരുഷവും അധികാരവും എല്ലാം ഉപയോഗിക്കുന്നത് കാമനകളെ പൂർത്തികരിക്കനാണ്. വാസ്തവത്തിൽ ഒരാളുടെ ബലവും പൗരുഷവും പരാക്രമവും കഴിവുമെല്ലാം കാമനകളെ അതിവർത്തിക്കുന്നതിലാണ് കാണേണ്ടത്. ഗീതയിൽ കൃഷ്ണൻ പറയും - "ബലം ബലവതാമസ്മി, കാമരാഗവിവർജ്ജിതം." - കാമരാഗങ്ങളില്ലാത്തവരിലെ ബലം ഞാനാണ്. അതായത് ശരിയായ ബല പൗരുഷങ്ങൾ കാമരാഗങ്ങളെ ജയിക്കുന്നതിലാണ് കാണിക്കേണ്ടതെന്നർത്ഥം. മനുഷ്യൻ തന്റെ വിലയും നിലയും മറന്ന് അന്തസ്സിന് ചേരാത്തവിധം പെരുമാറുന്നതെന്തുകൊണ്ടാണ് വ്യക്തമാണല്ലോ? അർജ്ജുനൻ, മനുഷ്യനെന്തുകൊണ്ട് പാപം ചെയ്യുന്നു, അനർത്ഥജനം ചെയ്യുന്നു, മൂല്യങ്ങളെ ബലിയറപ്പിക്കുന്നു, എന്നു ചോദിച്ചപ്പോൾ ഭഗവാൻ പറയുന്നതു നോക്കൂ. - "കാമ ഏഷ ക്രോധ ഏഷഃ" - അത് കാമം അല്ലെങ്കി ൽ ക്രോദം കൊണ്ടാണ്. "വിദ്ധ്യേനമിഹവൈരിണം" - ഇവരെ വൈരിയായി ശ്രേയാമർഗ്ഗത്തിലെ മുഖ്യപ്രതിബന്ധമായി കണക്കാക്കണം. ഇന്ദ്രിയങ്ങളേയും മനസ്സിനെയും നിയന്ത്രിച്ച് മനസ്സിനും അപ്പുറത്ത് മന:സാക്ഷിയായി എല്ലാ ചിന്തകളെയും പ്രകാശിപ്പിച്ചുകൊണ്ട് വർത്തിക്കുന്ന ആത്മാവിന്റെ ചിന്തനത്തിലൂടെ മാത്രമെ ഈ കാമത്തെ ജയിക്കാൻ പറ്റൂ. "ഇന്ദ്രിയാണി പരാണ്യാഹ .. യോ ബുദ്ധേഃ പരതസ്തു സഃ ഏവം ബുദ്ധേ .. ജഹിശത്രും മഹാബാഹോ കാമരൂപം ദുരാസദം " (ഗീത — 3-42, 43). ഇന്ദ്രിയങ്ങൾക്കുമേലെ മനസ്സ്, മനസ്സിനും മേലെ ബുദ്ധി, ബുദ്ധിക്കും അപ്പുറത്ത്, ബുദ്ധിക്കും മനസ്സിനും ഇന്ദ്രിയങ്ങൾക്കും പ്രവർത്തിക്കാൻ ചൈതന്യം പകരുന്ന അവനെ (ആത്മാവിനെ) അറിഞ്ഞാശ്രായിച്ച് ഈ ജയിക്കാൻ വിഷമംപിടിച്ച കാമരൂപിയായ ശത്രുവിനെ കൊല്ലണം.

## സുബാഹുമാരീചൻ.

ഇവർ കാമനായ താടകയുടെ സോദരരാണ്. അതായത് കാമം വന്നാൽ പാപാചരണം. അപ്പോൾ അവർക്ക് തീരാദു:ഖം ഉണ്ടാകും. കാമം മനസ്സിനെ അസ്വസ്ഥമാക്കും. അത് നേടാൻ പ്രയത്നം. ഫലം ഒന്നുകിൽ അനുകൂലം, അല്ലെങ്കിൽ പ്രതികൂലം. അനുകൂലമായാൽ സുഖം. പ്രതികൂലമായാൽ ദു:ഖം. രണ്ടിനെയും ജയിക്കണം. രണ്ടും മനസ്സിന്റെ തലത്തിലാണ്. ഇവകൊണ്ട് മനസ്സ് അസ്വസ്ഥമായവർക്ക് ചിത്ത ഏകാഗ്രതയോ ധ്യാനയോഗ്യതയോ

ഉണ്ടാവികയില്ല. പ്രവർത്തിക്കനുള്ള ഊർജ്ജവുമില്ല. താടകയെ വധിച്ചശേഷം അവർ വസിച്ചത് കാമ്യാശ്രമത്തിൽ. ഉള്ളിലെ കാമനകളെ ജയിച്ചവന് കാമ്യാശ്രമത്തിൽ താമസിച്ചാലും കുഴപ്പമില്ല. അതായത് വിഷയമദ്ധ്യത്തിൽ വസിച്ചാലും കുഴപ്പമില്ല. ഒന്നിനും ഇളക്കാനാവില്ല. അല്ലെങ്കിൽ പുറത്തെ വസ്തുക്കളോ വ്യക്തികളോ അല്ല നമ്മെ പ്രലോഭിപ്പിക്കുന്നത്, ആകർഷിക്കുന്നത്. പദാർത്ഥങ്ങൾക്ക് ആ കഴിവുണ്ടെങ്കിൽ എല്ലാ വസ്തുക്കളും എല്ലാവരെയും ആകർഷിക്കണം. പ്രലോഭിപ്പിക്കണം. ആരുടെ ഉള്ളിൽ അവയുടെ താൽപ്പര്യം ഉറങ്ങിക്കിടപ്പുണ്ടോ അവരെ മാത്രമെ അവ ആകർഷിക്കുന്നുള്ളുവല്ലോ. അവിടെവെച്ച് വിശ്വാമിത്രൻ ദിവ്യാസ്ത്രങ്ങളെ ഉപദേശിച്ചു. അതായത് കാമനകളെ ജയിച്ച്ശേഷമേ ഉപദേശിച്ചുള്ളു. എങ്കിലേ അതിനെ സ്വാർത്ഥതാൽപര്യങ്ങൾക്കു വേണ്ടി ഉപയോഗിക്കാതിരിക്കു. അധികാരംബലം, ബലം, സ്ഥാനമാനങ്ങൾ ശാസ്ത്രസാങ്കേതികവിദ്യ എന്നിവ കാമനകളെ അടക്കാത്തവരുടെ കൈയ്യിൽ കിട്ടിയാൽ സ്വന്തം സ്വാർത്ഥത്തിനും ലോകത്തിന്റെ നാശത്തിനും ഉപയോഗിക്കും.

## യാഗരക്ഷ

ഇത്രയുമായാൽ യാഗരക്ഷ ചെയ്യാം. സ്വന്തം മനസ്സിലെ കാമനകളെ ജയിക്കാത്തവർക്ക് യാഗം - യജ്ഞം രക്ഷിക്കാനാവില്ല. എന്താണ് യാഗം? ഈശ്വരർപ്പണമായി അനുഷ്ഠിക്കപ്പെടുന്ന സ്വധർമ്മം . "യജ്ഞാർത്ഥാത് കർമ്മണോന്യത്ര ലോകോ ƒയം കർമ്മബന്ധനഃ തദർത്ഥം കർമ കൗന്തേയ മുക്തസംഗഃ സമാചര" (ഗീത ൩- ൯).

യജ്ഞം = വിഷ്ണു. യജ്ഞോ വൈ വിഷ്ണുഃ യജ്ഞത്തിനർത്ഥം വിഷ്ണു എന്നാണ്. വിഷ്ണു = വിശ്വം. സർവവ്യാപിയായ ഭഗവാനാണ് വിശ്വരൂപത്തിൽ നിൽക്കുന്നത്. വിഷ്ണുവിന്റെ സഹസ്രനാമത്തിലെ ആദ്യമന്ത്രം "ഓം വിശ്വസ്മൈ നമഃ" എന്നാണ്. ഈ വിശ്വമായി നിൽക്കുന്നവനാരോ ആ വിഷ്ണുവിനായിക്കൊണ്ട് പൂജ, നമസ്കാരം എന്നർത്ഥം. അതായത് തന്റെ കർമ്മങ്ങൾ വിശ്വത്തിന്റെ ഹിതത്തിനാകണം. അതാണ് യജ്ഞം. അഥവാ യാഗം. ഈശ്വരാർപ്പണമായി അനുഷ്ഠിക്കുന്ന കർമ്മം, യജ്ഞ്നത്തിൽ, ഇത് ഈശ്വരാ അവിടുത്തേതാണ്. അവിടുത്തേയ്ക്കു സമർപ്പിക്കുന്നു. ഒന്നും എന്റേതല്ല എന്ന അഹന്താമമതകളുടെ സമർപ്പണമാണ് നടക്കുന്നത്. ഉദാ: "ഇന്ദ്രായ സ്വാഹാ, ഇന്ദ്രായ ഇദം ന മമ, ഈശ്വരാർപ്പിതം നേച്ഛയാകൃതം ചിത്തശോധകം മുക്തിസാധകം." - കർമ്മങ്ങൾ ഈശ്വരാർപ്പണം ചെയ്യുമ്പോൾ അത് വാസനകളെ ക്ഷയിപ്പിച്ച് ചിത്തശുദ്ധിവഴി ജ്ഞാനത്തിലൂടെ മുക്തിയിലേക്ക് നയിക്കും. ഇതാണ് യാഗരക്ഷയുടെ അർത്ഥം. അങ്ങനെ കാമനാജയവും പ്രാണജയവും നേടി ഈശ്വരാർപ്പണ ഭാവേനയുള്ള കർമ്മാചരണം കൊണ്ട് മനഃശുദ്ധിയും

സമ്പാദിച്ചവനു മാത്രമെ ധ്യാനം - വില്ലെടുത്തു കുലയ്ക്കൽ - സാധ്യമാകൂ. ധ്യാനത്തിലൂടെ ആത്മസാക്ഷാത്കാരവും സ്വരൂപഭൂതമായ ശാന്തിയും (സീതാ) സാധകന് കൈവരുന്നു.

## അഹല്യാതത്വം

ബ്രഹ്മപുത്രിയായ അഹല്യയെ കാമിയായെ ഇന്ദ്രൻ വേഷംമാറി വന്നു പറ്റിക്കുന്ന കഥ എല്ലാവർക്കും അറിയാം. വീണ്ടും മനസ്സിലെ ഉറങ്ങിക്കിടക്കുന്ന കാമനകളുടെ ശക്തിയെയാണിത് കാണിക്കുന്നത്. ദേവേന്ദ്രൻ നമ്മുടെ മനസ്സിന്റെ പ്രതീകമാണ്. അവിടെയാണ് ഈ മാതിരിയുള്ള ആസംശക്തിയും കാമനയും അൽപത്തവുമൊക്കെയുള്ളത്. എന്തു നെറികേടും സ്വന്തം കാമപൂരണത്തിനായി ചെയ്യാൻ അപ്പോൾ മനുഷ്യൻ മടിക്കുന്നില്ല. ആ മനസ്സിൽ പാവനമൂല്യങ്ങൾക്ക് സ്ഥാനമെവിടെ? അങ്ങനെ കാമാസക്തികൊണ്ട് ശിലാതുല്യം അധ:പതിച്ച മനസ്സിന്റെ പ്രതീകമാണ് അഹല്യ. മന:പൂർവ്വമല്ല. സാഹചര്യം അങ്ങനെ ആയതിനാലാണ് പലരും തെറ്റുചെയ്യുന്നത്. അതാണല്ലോ അഹല്യയ്ക്കും പറ്റിയത്. പക്ഷെ അഹല്യയ്ക്ക് രാമപദം ശിരസ്സിൽ ധരിക്കാനുള്ള ഭാഗ്യം സിദ്ധിച്ചു. എല്ലാവർക്കും ഇതിന് കഴിയുന്നില്ല. സാഹചര്യങ്ങളുടെ സമ്മർദ്ദംകൊണ്ട് ദുരാചാരംകൊണ്ടോ അധ:പതിച്ചവർക്കും രക്ഷയുണ്ട് എന്നാണ് ഈ കഥ പഠിപ്പിക്കുന്നത്. പശ്ചാത്താപത്തോടെ രാമചിന്ത ചെയ്യുക. രാമനാമവും രാമരൂപവും മുറുകെ പിടിച്ച് രാമനെ ആശ്രയിക്കുക. അപ്പോൾ കാമാസക്തിക്കടിമയായ മനസ്സിനെ ധ്യാനത്തിലേക്കുയർത്താൻ സാധിക്കും. ഇത്രയുമായാൽ പ്രണവധ്യാനമാകുന്ന വില്ലെടുക്കാൻ അർഹനായി സാധകനാകുന്ന രാമൻ. ഇപ്പോൾ മനസ്സിലായില്ലേ. ഇത്രയും കാര്യങ്ങൾ നിർവഹിച്ച സാധകനാണ് ധ്യാനത്തിലൂടെ ആത്മസാക്ഷാത്കാര രൂപകനായ ശാന്തികിട്ടുകയുള്ളൂ എന്ന്. അതാണ് രാമനുമാത്രം വില്ലെടുത്തു കുലയ്ക്കുവാനും സീതയെ ലഭിക്കാനും മറ്റുള്ളവർക്കൊന്നും കിട്ടാതിരിക്കാനും കാരണം. എന്തു മനോഹരമായി ആദ്ധ്യാത്മികതത്വം കഥയിലൂടെ ഋഷി ആവിഷ്കരിച്ചിരിക്കുന്നു! ഇതിന് ഭരതനാകുന്ന ഭക്തിയും ശത്രുഘ്നനാകുന്ന നിഷ്കാമ കർമ്മചരണവും (ത്യാഗവും) ലക്ഷ്മണനാകുന്ന വിഷയവിരക്തിയും രാമനാകുന്ന ജ്ഞാനവും സാധകനിൽ ഒത്തുചേരണം. അപ്പോൾ ഗുരുവിന്റെയും ശാസ്ത്രത്തിന്റെയും മാർഗ്ഗത്തിലൂടെ ധ്യാനവും ആത്മസാക്ഷാത്കാരവും ശാശ്വത ശാന്തിയും നേടി ധന്യമാകാം. ആത്മാനുഭൂതിയ്ക്കുശേഷം അഹങ്കാരമാകുന്ന പരശുരാമന് പ്രസക്തിയില്ല. അത് ആത്മാവാകുന്ന രാമന്റെ നിഴൽമാത്രമാണല്ലോ. അതാണ് പരശുരാമൻ രാമനിൽ തന്റെ വൈഷ്ണവതേജസ്സിനെ സമർപ്പിക്കുന്നതിന്റെ തത്വം.

ॐ ॐ ॐ **ശുഭം.** ॐ ॐ ॐ